മത്സ്യവ്യവസായ വികസനം.

* 437. [7] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒന്നാം പഞ്ചവത്സരപദ്ധതിയിൽ തിരുവിതാംകൂർ–കൊച്ചിയിലെ വ്യാവസായിക വികസനത്തിനുവേണ്ടി എന്തു തുക കൊള്ളിച്ചുവന്നു;

(ബി) ഇതിനകം അതിലെത്ര രൂപ ചെലവായി ;

(സി) ഏതെല്ലാം ഇനങ്ങൾക്കായിട്ടാണ് ഈ തുക ചെലവായിട്ടുള്ളത് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 11.11 ലക്ഷം രൂപ.

(ബി) 73,427 രൂ. 12 ണ. 7 സ.

(സി) പുതുതായി മൽസ്യചാപ്പകൾ ഉണ്ടാക്കുന്നതിനു് വിഴിഞ്ഞത്തു്, 25,359 രൂപ 11 അണയും, കൂളച്ചൽ 27,308 രൂപ 3 അണ 7 പൈസയും, മത്സ്യം വളർത്തുന്നതിനു് 6,171 രൂപ 7 അണയും, മൽസ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനു് ഒരു വാൻ വാങ്ങിയതിലേക്കു് 14,588 രൂപ 7 അണയും ചെലവായി.

വയലാർ പുന്നപ്ര പ്രതികളുടെ വാറണ്ടുകൾ.

* 438. [9] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വയലാർ–പുന്നപ്രകേസിലെ പ്രതികളുടെമേൽ ഇനി എത്ര വാറണ്ടുകൾ ഉണ്ടു് ;

(ബി) ഇനിയുള്ള പിടികിട്ടാത്ത പ്രതികളുടെ മേൽ പുറപ്പെടുവിച്ചിട്ടുള്ള വാറണ്ടുകൾ പിൻവലിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) പുന്നപ്ര കേസിലെ ഒളിവിലിരിക്കുന്ന ഏഴു പ്രതികളുടെ മേലുള്ള വാറണ്ടുകൾ നിലവിലുണ്ടു്.

വയലാർ കേസുസംബന്ധിച്ചു് മൂന്നു പ്രതികൾ ഒളിവിലാണു്. അവക്കെതിരായി വാറണ്ടുകളൊന്നും നിലവിലില്ല.

(ബി) ഇല്ല.

കൂട്ടിവനങ്ങൾ കൃഷിക്കു് നൽകൽ.

* 439. [10] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമങ്ങളിൽ ചുറ്റപ്പെട്ട റിസർവ്വു് വനത്തിൻറെ ഭാഗങ്ങൾ കൃഷിക്കാർക്കു് കുത്തകപ്പാട്ടമായോ പതിച്ചോ നൽകണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ; അതു സംബന്ധിച്ചു് എന്തു ചെയ്യാനാണു് ഉദ്ദേശിക്കുന്നതു് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അത്തരം സ്ഥലങ്ങൾ കൃഷിക്കു നൽകുന്നതുമൂലം വൻപിച്ച നഷ്ടം ഉണ്ടാകുമെന്നു് ഗവണ്മെൻറ് കരുതുന്നുണ്ടോ ;

(സി) 11 ചതുരശ്രമൈൽ 500.95 ഏക്കർ വിസ്തീർണ്ണമുള്ളതും ഗ്രാമങ്ങളാൽ ചുറ്റപ്പെട്ടതുമായ കൊട്ടമൺ റിസർവ്വ് വനത്തിൽനിന്നു് സംരക്ഷണച്ചെലവു് കഴിഞ്ഞുള്ള കഴിഞ്ഞ സാമ്പത്തികവർഷത്തിലെ ആദായമെന്താണ് ;

(ഡി) തടികൾ വെട്ടി വിറ്റതിനുശേഷം ഭൂമി കുത്തകപ്പാട്ടത്തിനു് നൽകിയാൽ എന്തു ആദായം ഗവണ്മെൻറിനു് കിട്ടും ;

(ഇ) പ്രസ്തുത ഭൂമിയിൽ കപ്പ, നെല്ലു്, ചെങ്ങു്, ഫലവൃക്ഷങ്ങൾ ഇവയുടെ കൃഷി ആരംഭിച്ചാൽ നമ്മുടെ ദേശീയവരുമാനത്തിലും വരാവുന്ന വർദ്ധനവു് കണക്കിലെടുക്കാനും, അനേകായിരം ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികളുടെ ഭൂമിദാഹം പരിഹരിക്കാനും ഗവണ്മെൻറ് തയ്യാറാകുമോ ;

(എഫ്) പ്രസ്തുത വനത്തിലുള്ള എത്ര ഏക്കർസ്ഥലം ഇന്നു കുത്തകപ്പാട്ടത്തിനോ കൃഷിക്കാർക്കു് നൽകിയിട്ടുണ്ടു് ; എത്ര കൃഷിക്കാർ ഇന്നു് വനത്തിനുള്ളിൽ താമസിക്കുന്നുണ്ടു് ; കുത്തകപ്പാട്ടത്തിനുപോലും കിട്ടാതെതന്നെ അവിടെ എത്ര കൃഷിക്കാർ കയറി താമസിക്കുന്നുണ്ടു് ; അങ്ങിനെയൊക്കെയും എത്ര ഏക്കർ സ്ഥലം ആ റിസർവ്വിനകത്തുതന്നെ ഇന്നു് കൃഷിക്കാരുടെ കൈവശമുണ്ടു് ?

ആഭ്യന്തര കാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്. പ്രസ്തുത സ്ഥലങ്ങൾ പതിച്ചോ കുത്തകപ്പാട്ടമായോ കൊടുക്കുന്നതല്ല.

(ബി) നഷ്ടം ഉണ്ടാകുന്നതാണു്.

(സി) രൂപ 1,39,679 അണ 10 പൈസ 0 ആണു്.

(ഡി) കരനിലം ഏക്കറിനു് 3½ രൂപയും, ചതുപ്പു് ഏക്കറിനു് 7 രൂപയും നിരക്കിൽ കുത്തകപ്പാട്ടം കിട്ടും.

(ഇ) അപ്രകാരം ഒരു പ്രത്യേക കണക്കെടുപ്പിൻറെ ആവശ്യം തോന്നുന്നില്ല. കൃഷിക്കും കുടികിടപ്പിനുമുള്ള സ്ഥലദൗർല്ലഭ്യത്തെ പരിഗണിച്ചുതന്നെയാണു് അനേകായിരം ഏക്കർ വനഭൂമി വനത്തിൽനിന്നും ഒഴിവാക്കുന്നതിനു് ഗവണ്മെൻറ് നടപടികൾ കൈക്കൊണ്ടിട്ടുള്ളതു്.

(എഫ്) പ്രസ്തുത വനത്തിൽനിന്നും കുത്തകപ്പാട്ടത്തിനു് സ്ഥലം കൊടുത്തിട്ടില്ല. വനത്തിനുള്ളിൽ കൃഷിക്കാർ താമസമില്ല. റിസർവ്വിൽ ഒരു ഭാഗവും കൃഷിക്കാരുടെ കൈവശം ഇരിപ്പില്ല.

Loan to Agriculturists.

440. [11] SHRI K. SATTANATHA KARAYALAR: Will the Minister for Health be pleased to state:

(*a*) whether the Government have granted any loan to agriculturists during the past two years; and

(*b*) If so, the amounts and addresses of persons to whom money was lent ?

LIBRARY ARCHIVES Kerala Legislative Assembly